പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1226 04.12.2014-ലെ മറുപടിക്ക്

## കരുണാ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് കൈമാറിയ നടപടി

ചോദ്യം
ശ്രീ. എ. കെ. ബാലൻ

മറുപടി
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു നൽകിയത് നിയമാനുസൃതമായിരുന്നോ ; അല്ലെങ്കിൽ ആയത് റദ്ദു ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | 14/07/2014 ലെ സർക്കാർ ഉത്തരവ് പ്രകാരം ലാന്റ് ബോർഡ് സെക്രട്ടറി ഇത് സംബന്ധിച്ച അന്വേഷണം നടത്തി സർക്കാരിൽ സമർപ്പിച്ച എല്ലാ ശുപാർശകളും അംഗീകരിച്ചു. |
| (ബി) | പോക്കുവരവ് ചെയ്തു നൽകിയത് സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അന്വേഷണം നടത്തിയത്; എന്തായിരുന്നു കണ്ടെത്തൽ; എന്തായിരുന്നു ശുപാർശകൾ ; | (ബി) | ഉണ്ട്.<br><br>ലാന്റ് ബോർഡ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ടീമിനെയാണ് അന്വേഷണം നടത്തുന്നതിനായി നിയോഗിച്ചത്.<br><br>1963 ലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 പ്രകാരം അന്വേഷണ വിധേയമായ ഭൂമി 01/01/1970 മുതൽ സർക്കാരിൽ നിക്ഷിപ്തമാണെന്നും 01/01/1970 ന് ശേഷമുള്ള കൈമാറ്റങ്ങൾ എല്ലാം തന്നെ അസാധുവായതിനാൽ ഭൂപരിഷ്കരണ നിയമത്തിന്റെ വ്യക്തമായ ലംഘനം നടന്നിട്ടുള്ളതായി കണ്ടെത്തിയിരുന്നു. താഴെപ്പറയുന്നവയാണ് ശുപാർശകൾ :<br><br>1) 1963 ലെ ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 പ്രകാരം 01/01/1970-ൽ എത്ര ഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട് എന്നറിയുവാൻ പ്രദേശത്തുള്ള 3129 ഏക്കർ ഭൂമി സർവ്വെ, വനം, റവന്യൂ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ടീമിനെ രൂപീകരിച്ചുകൊണ്ട് KLIM ൽ നിന്നും ലഭ്യമാകുന്ന ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് സർവ്വെ നടത്തുവാൻ നിർദ്ദേശം നൽകേണ്ടതാണ്.<br><br>2) ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി കണ്ടെത്തി ഏറ്റെടുക്കുന്നതിനും സർവ്വെ നടപടികൾക്ക് നേതൃത്വം നൽകുന്നതിനുമായി റവന്യൂ, സർവ്വെ, വനം, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി സർക്കാർ തലത്തിൽ രൂപീകരിക്കേണ്ടതാണ്.<br><br>3) ഭൂമി പോക്കുവരവു ചെയ്തു കിട്ടുന്നതിനായി അപേക്ഷകൻ സമർപ്പിച്ച രേഖകളല്ലാതെ സർക്കാർ സംവിധാനത്തിലൂടെ ടി രേഖളുടെ ആധികാരികതയോ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട മുൻ റിക്കാർഡുകളോ പരിശോധിക്കാതെയും 01/01/1970 മുതൽ സർക്കാരിൽ നിക്ഷിപ്തമായ ഭൂമി പോക്കുവരവ് ചെയ്ത നടപടി റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതും, ഇപ്രകാരം തെറ്റായ നടപടി സ്വീകരിച്ച സർവ്വെ, റവന്യൂ വകുപ്പുകളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്. |
| (സി) | കണ്ടെത്തലിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ വകുപ്പ് എന്ത് തുടർനടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ ; | (സി) | നെല്ലിയാമ്പതിയിലെ തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് 12/11/2014 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5473/2014/റവന്യൂ. പ്രകാരം നിയോഗിയ്ക്കപ്പെട്ട സർവ്വെ ടീം സർവ്വെ നടത്തിവരുന്നു. |
| (ഡി) | റവന്യൂ വകുപ്പിലെ ഏതെങ്കിലും ജീവനക്കാരന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | സർവ്വെ, റവന്യൂ വകുപ്പിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്ന ശുപാർശ സർക്കാർ അംഗീകരിച്ചു. |

**സെക്ഷൻ ഓഫീസർ**